പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3440 — 29.01.2014 - ൽ മറുപടി നൽകേണ്ടിയിരുന്നത്

വൃദ്ധജനങ്ങളുടെ സംരക്ഷണം

ചോദ്യം

ശ്രീമതി കെ.എസ്. സലീഖ

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പോപ്പുലേഷൻ റിസർച്ച് സെന്റർ വിവിധ സംസ്ഥാനങ്ങളിൽ നടത്തിയ സർവ്വേ പ്രകാരം അറുപത് വയസ് കഴിഞ്ഞവർ സംസ്ഥാനത്ത് എത്ര പേരുണ്ടെന്നും ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനം വരുമെന്നും വ്യക്തമാക്കുമോ ; | (എ) | പോപ്പുലേഷൻ റിസർച്ച് സെന്റർ മുതിർന്ന പൗരന്മാരുടെ സാമ്പിൾ സർവ്വേ മാത്രമാണ് നടത്തിയിട്ടുള്ളത്. ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിലാണ് സർവ്വേ നടത്തിയിട്ടുള്ളത്. 1214 വീടുകളിൽ നടത്തിയ സർവ്വേയിൽ 1365 വയോജനങ്ങൾ (സ്ത്രീകളും പുരുഷന്മാരും) ഉണ്ട്. സംസ്ഥാനത്ത് മുഴുവനും സർവ്വേ നടത്തിയിട്ടില്ലാത്തതിനാൽ ശതമാനകണക്ക് ലഭ്യമല്ല. |
| (ബി) | ഇവരിൽ 80 വയസ്സ് കഴിഞ്ഞവർ എത്രയാണെന്നും ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ ; | (ബി) | പ്രത്യേകം വിവരം ശേഖരിച്ചിട്ടില്ല. |
| (സി) | ഇവർക്കായി സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്. വിശദാംശം നൽകുമോ; | (സി) | സാമൂഹ്യനീതി വകുപ്പ് വയോജനങ്ങൾക്കായി സംസ്ഥാനത്ത് വൃദ്ധസദനങ്ങൾ നടത്തുന്നുണ്ട്. ആഹാരം, വസ്ത്രം, മരുന്ന് , താമസ സൗകര്യം , മാനസിക ഉല്ലാസ മാർഗ്ഗങ്ങൾ എന്നിവ നല്കുന്നുണ്ട്. കൂടാതെ 512 വൃദ്ധസദനങ്ങൾ സന്നദ്ധ സംഘടനകൾ നടത്തുന്നുണ്ട്. സംഘടനകൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പകൽ പരിപാലന കേന്ദ്രങ്ങളും വൃദ്ധസദനങ്ങളും നടത്തുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് വഴി വിതരണം ചെയ്യുന്ന ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ 60 വയസ്സ് കഴിഞ്ഞവർക്ക് 500 രൂപയും 80 വയസ്സ് കഴിഞ്ഞവർക്ക് 1100 രൂപയും നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇവരുടെ സഹായ സംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പു വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എന്ത് തുക കേന്ദ്ര സഹായം ലഭിച്ചുവെന്നും ഇവയിൽ എന്ത് തുക നാളിതുവരെ ചെലവാക്കിയെന്നുമുള്ള വിശദ വിവരം നൽകുമോ ; | (ഡി) | വകുപ്പ് നടപ്പു വർഷം അനുവദിച്ചത് - 21,53,00,000/- രൂപ<br>ചെലവഴിച്ചത് 9,92,04,100/- രൂപ<br><br>ഇന്ദിരാഗാന്ധി നാഷണൽ ഓൾഡേജ് പെൻഷനും ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ ഓൾഡർ പേഴ്സൺസുമായി കേന്ദ്രസഹായം അനുവദിച്ചത് - 101,00,00,000/- രൂപ<br><br>ചെലവഴിച്ചത് - 97,64,51,017/- രൂപ |
| (ഇ) | ഇവർക്ക് ആരോഗ്യ പരിരക്ഷ, പാർപ്പിട സൗകര്യം, സാമൂഹ്യ പരിരക്ഷ എന്നിവ ഉറപ്പു വരുത്താൻ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ ; | (ഇ) | സാമൂഹ്യനീതി വകുപ്പിലെ 15 വൃദ്ധ സദനങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് ഗ്രാന്റായി ഫണ്ട് അനുവദിച്ചും, വയോജനങ്ങളുടെ ആരോഗ്യപരിരക്ഷ, പാർപ്പിട സൗകര്യം. സാമൂഹ്യ പരിരക്ഷ എന്നിവ ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ വകുപ്പ് കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി 65 വയസ്സിനു മുകളിലായി പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വയോമിത്രം എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (എഫ്) | സംസ്ഥാനത്ത് 60 വയസ്സ് തികഞ്ഞ എല്ലാ ജനങ്ങൾക്കും ചികിത്സാ സഹായത്തിനായുള്ള ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സർക്കാർ അംഗീകൃത ഇൻഷ്വറൻസ് കമ്പനികളുമായി യോജിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എഫ്) | മുതിർന്ന പൗരന്മാർക്കുവേണ്ടി സമഗ്രമായ ഒരു ആരോഗ്യ ഇൻഷ്വറൻസ് പരിപാടി ആവിഷ്ക്കരിക്കാൻ മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയം 2013 ൽ ലക്ഷ്യമിട്ടിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ജി) | ഇവർ പലരും വിവിധതരത്തിലുള്ള ആക്രമണങ്ങൾക്ക് വിധേയരാകുന്നതും മക്കൾ വീട്ടിൽനിന്നും ഇറക്കിവിട്ട് നിരാലംബരായി ജീവിതം നയിക്കേണ്ടി വരുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ജി) | ഉണ്ട് |

| | | | |
|---|---|---|---|
| (എച്ച്) | എങ്കിൽ ഇത്തരത്തിൽ എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ് സാമൂഹ്യനീതി വകുപ്പ് കണക്കാക്കുന്നത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എച്ച്) | 60 വയസ്സ് തികഞ്ഞവർക്കെതിരെയുള്ള ആക്രമണങ്ങൾക്കും, അവരെ മക്കൾ വീട്ടിൽ നിന്ന് ഇറക്കിവിട്ടതുമായി ബന്ധപ്പെട്ട് 611 കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഐ) | 60 വയസ് കഴിഞ്ഞവരുടെ സംരക്ഷണത്തിനായി സാമൂഹ്യ നീതി വകുപ്പ് എന്ത് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഐ) | മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും വേണ്ടി നിലവിലുള്ള നിയമം കാര്യക്ഷമമായി നടപ്പിൽ വരുത്താനും, വയോജനങ്ങൾക്കായി രൂപീകരിച്ച നയത്തിലെ (2013) കർമ്മ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും സാമൂഹ്യനീതി വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

No 191/LAI/SCRB/2014

| DISTRICTS | 60 വയസ്സു തികഞ്ഞവർക്കെതിരെയുള്ള അതിക്രമങ്ങൾക്ക് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം |
|---|---|
| TVM C | 2 |
| TVM RL | 91 |
| KLM C | 21 |
| KLM R | 3 |
| PTA | 4 |
| ALP | 22 |
| KTM | 179 |
| IDK | 25 |
| EKM C | 16 |
| EKM R | 77 |
| TSR C | 13 |
| TSR R | 12 |
| PKD | 9 |
| MPM | 85 |
| KKD C | 5 |
| KKD R | 4 |
| WYD | 1 |
| KNR | 42 |
| KSD | 0 |
| RLYS | 0 |
| TOTAL | 611 |

സെക്ഷൻ ഓഫീസർ